**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 356** **01-07-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി ഉൽപ്പാദനത്തിലും സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചു. കാർഷിക സർവ്വകലാശാല മറ്റ് ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ച അധികം പടരാത്ത ഉയരം കുറഞ്ഞ അത്യുൽപാദന ശേഷിയുള്ള മൂന്നാം വർഷം മുതൽ കായ്ഫലം തരുന്ന ഗ്രാഫ്റ്റ് തൈകളാണ് കശുമാവ് വ്യാപനത്തിനായി ടി ഏജൻസി വിതരണം ചെയ്യുന്നത്. സർക്കാർ/ അർദ്ധ സർക്കാർ, ഡി.സി.സി.ഡി ഉടങ്ങിയ അംഗീകൃത നഴ്സറികളിൽ നിന്നും കശുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങി കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി "ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും" എന്ന പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്.<br><br>കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോട നുബന്ധിച്ച് അത്യുൽപ്പാദന ശേഷിയുളള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും വിതരണം ചെയ്ത് വരുന്നു.<br><br>കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ |

കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്.

സംസ്കരണ രംഗത്ത് പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 4 ഫാക്ടറികളിൽ (കിളികൊല്ലൂർ, പുല്ലൂർ, മേക്കോൺ, പാൽക്കുളങ്ങര) Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ തൊഴിലാളികളെ എടുത്ത് പരമാവധി ഉൽപ്പാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞു. ഇപ്രകാരം പുതുതായി ഇതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷനിൽ 535 തൊഴിലാളികളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചിട്ടുണ്ട്.

കാഷ്യൂ കോർപ്പറേഷൻ “CDC Cashew” എന്ന ബ്രാൻഡ് നാമത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് പൊതുവിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. കൂടാതെ കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽ നിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു. കൂടാതെ കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതി കാപ്പക്സും ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂരിലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഇതിനുള്ള നടപടികൾ കാപ്പക്സ് തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം കശുവണ്ടി ഉൽപാദനത്തിലും സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്ഥാനത്ത് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മുഖാന്തിരം ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് കാഷ്യൂ കോർപ്പറേഷൻ ഇപ്പോൾ സുഗമമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ ഓരോ വർഷവും കശുമാവ് സീസണിൽ കർഷകർ, സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും സഹകരണ സൊസൈറ്റികൾ മുഖാന്തിരവും നാടൻ തോട്ടണ്ടി സംഭരിച്ച് പ്രോസസിംഗ് നടത്തുന്നു.<br><br>പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 4 ഫാക്ടറികളിൽ Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കാഷ്യൂ കോർപ്പറേഷൻ “CDC Cashews” എന്ന ബ്രാൻഡ് നെയ്മിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് പൊതു വിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്നവയാണ്. കൂടാതെ കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽ നിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു. മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾ വഴി പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അത് വഴി കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തി വരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേക്ക് വ്യാപിപ്പിക്കു വാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ഓൺലൈൻ സൈറ്റുകൾ വഴിയും, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ ഫ്രാഞ്ചൈസി മുതലായവ വഴി കേരളത്തിലുടനീളം വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ വാൻസെയിൽസ്, ട്രേഡ്ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർ ഫെഡ്, |

| | | | |
|---|---|---|---|
| | | | സപ്ലൈകോ മുതലായവ വഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു.<br><br>ഫ്ളക്സി പൗച്ചിൽ പരിപ്പ് നിറച്ച് വിപണനത്തിന് സാധ്യമാകുന്ന തരത്തിലുള്ള അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷിൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പരമാവധി ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ സെയിൽസ് വാൻ മുഖേന കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡുമായി ധാരണ പത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം വിപുലപ്പെടുത്തി. അതോടൊപ്പം കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>മിൽമയുമായി സഹകരിച്ച് മിൽമയുടെ ഔട്ട്ലെറ്റുകളിലൂടെ കോർപ്പറേഷന്റെ കശുവണ്ടി പരിപ്പും മറ്റ് വാല്യൂ ആഡഡ് പ്രോഡക്ടുകളും വിൽക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേരളത്തിലുള്ള സ്റ്റാർട്ടപ്പുകളിലൂടെ കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിപണന സാധ്യതയും വിലയിരുത്തി വരുന്നു.<br><br>ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിന്നും കയറ്റുമതി ചെയ്യപ്പെടുന്ന കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആകെ മൂല്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും ഇപ്പോൾ കയറ്റുമതി ചെയ്യുന്നില്ല. Directorate of Cashew and Coco Development (DCCD) യുടെ കണക്ക് പ്രകാരം 2022-23 ൽ ഇന്ത്യയിലുള്ള മൊത്തം കശുവണ്ടിപ്പരിപ്പിന്റെ ഉൽപ്പാദനം 5,56,000 മെട്രിക് ടൺ ആയിരുന്നു. ഇതിൽ 5,12,000 മെട്രിക് ടൺ (92%) ആഭ്യന്തര ഉപഭോഗമാണ്. 44,000 മെട്രിക് ടൺ കശുവണ്ടി പരിപ്പ് മാത്രമാണ് കയറ്റുമതി ചെയ്തത്. |

സെക്ഷൻ ഓഫീസർ